**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6036** **09-07-2024 - ൽ മറുപടിയ്ക്ക്**

**കൈത്തറി വ്യവസായത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി വ്യവസായത്തിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്നും ഇവ ഓരോന്നിനും 2022-23 മുതൽ 2023-24 വരെയുള്ള ഓരോ വർഷങ്ങളിലും ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുകയും സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയും എത്രവീതമെന്നും വ്യക്തമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ കൈത്തറി വികസന പരിപാടി (NHDP) യുടെ ഘടകങ്ങളായ (i) ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം (സി.ഡി.പി) (ii) കൈത്തറി വിപണന സഹായം (മാർക്കറ്റിംഗ് ഇൻസെന്റീവ് സ്കീം) (iii) പശ്ചാത്തല സൗകര്യങ്ങളും പ്രത്യേക പദ്ധതികളും - ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി) ഉൾപ്പെടെയുള്ള അനുബന്ധ പദ്ധതികൾ (iv) കൈത്തറി നെയ്ത്തുകാരുടെ സമഗ്ര ക്ഷേമ പദ്ധതി എന്നിവ സംസ്ഥാന സർക്കാർ വഴി നടപ്പിലാക്കി വരുന്നു.<br><br>കൈത്തറി വികസന പരിപാടി (എൻ.എച്ച്. ഡി.പി) യുടെ സംസ്ഥാന വിഹിതമായി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 150 ലക്ഷം രൂപ, 253 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തിയിരുന്നു.<br><br>2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 61.47 ലക്ഷം രൂപ മാർക്കറ്റിംഗ് ഇൻസെന്റീവ് സ്കീം ഇനത്തിൽ സംസ്ഥാന വിഹിതമായി ചെലവഴിച്ചു. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുക പൂർണ്ണമായും കേന്ദ്രസർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ വർഷവും കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക പദ്ധതി തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഇല്ല. 2023-24 സാമ്പത്തിക വർഷത്തിൽ മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി ഇനത്തിൽ 61,47,090/- രൂപ കേന്ദ്ര വിഹിതം ലഭ്യമാകുവാനുണ്ട്. |
| (സി) | ചെലവഴിച്ച തുക പൂർണ്ണമായും ലഭിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ചെലവായ തുക പൂർണ്ണമായും ലഭിക്കാൻ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (സി) | മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതി തുകയ്ക്കായുള്ള കേന്ദ്ര – സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പദ്ധതിയ്ക്കായുള്ള സംസ്ഥാന വിഹിത തുക ചെലവഴിച്ചതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം സഹിതം നൽകുന്ന പ്രൊപ്പോസൽ അനുസരിച്ചാണ് കേന്ദ്ര വിഹിതം നൽകുന്നത്. 2023- |

| | | | |
|---|---|---|---|
| | | | 24 സാമ്പത്തിക വർഷം മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ 61.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം സഹിതം, പദ്ധതിയ്ക്കായുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിലേയ്ക്കായി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | തറികളുടെ എണ്ണം, തൊഴിലാളികളുടെ എണ്ണം, ഉല്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കൈത്തറി വ്യവസായത്തിന് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണ് ഉള്ളതെന്ന് കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും ഏജൻസി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കേരളത്തിന്റെ സ്ഥാനം എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത വിവരങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ